# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1169    06.02.2020 ൽ മറുപടിക്ക്**

**നെട്ടുമ്പ്രക്കാട് വിളക്കുമരം പാലം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) |
| എ) | അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | എ) അരൂർ മണ്ഡലത്തിലെ നെട്ടുമ്പ്രക്കാട് - വിളക്കുമരം പാലത്തിന്റെ നിർമ്മാണത്തിനായി കരാർ ഒപ്പു വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൈലിംഗിനു മുന്നോടിയായുള്ള കൺഫർമേറ്ററി ബോറിംഗ് നടന്നു വരികയാണ്. |
| ബി) | പാലം നിർമ്മാണത്തിന്റെ ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ഇതിന് സാങ്കേതിക അനുമതി ലഭിച്ചത് എത്ര രൂപയ്ക്കാണെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ; | ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി 31.10.2016 ൽ 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന് കിഫ്ബിയിൽ നിന്ന് 18.43 കോടി രൂപയുടെ സാമ്പത്തികാംഗീകാരം ലഭിച്ചു. തുടർന്ന് 19.91 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചു. |
| സി) | പ്രസ്തുത നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കുമോ; | സി) പ്രസ്തുത പാലം നിർമ്മാണത്തിനായി മുൻകൂറായി സ്ഥലം ഏറ്റെടുത്തിരുന്നു. പാലത്തിന്റെ ഡിസൈനിൽ മാറ്റം വന്നപ്പോൾ അധികമായി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്ത് അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. |
| ഡി) | ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) പാലം നിർമ്മാണത്തിനായി 01.08.2019ൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. 2 വർഷമാണ് നിർമ്മാണ കാലാവധി. കരാർ പ്രകാരം 2021-ൽ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ